**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1942** **12-09-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് സർവ്വീസുകൾ പുനഃസ്ഥാപിക്കുവാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് കാലത്തിന് മുൻപ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ ആലപ്പുഴ-കണ്ണൂർ എക്സ്പ്രസ്സ്, തിരുവനന്തപുരം-കണ്ണൂർ ജനശതാബ്ദി എക്സ്പ്രസ്സ് എന്നിവ എത്തി ചേർന്നാലുടൻ കാസർഗോഡ് ഭാഗത്തേക്ക് സർവ്വീസ് നടത്തിയിരുന്ന നാല് കെ.എസ്.ആർ.ടി.സി ബസുകൾ കോവിഡിന് ശേഷം പുനഃസ്ഥാപിച്ചിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കണ്ണൂർ യൂണിറ്റിൽ നിന്നും കാസർഗോഡ് ഭാഗത്തേയ്ക്ക് ജനശതാബ്ദി എക്സ്പ്രസ്സിന് കണക്ഷനായി 01.8.2023-നും എക്സിക്യൂട്ടീവ് എക്സ്പ്രസിന് കണക്ഷനായി 30.7.2023നും മലയോരമേഖലയായ ആലക്കോട് - അരിവിളഞ്ഞപൊയിൽ ഭാഗത്തേയ്ക്ക് 07.8.2023-നും സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ബസുകൾ അടിയന്തരമായി പുനഃസ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | കണ്ണൂർ യൂണിറ്റിൽ നിന്നും കാസർഗോഡ് ഭാഗത്തേയ്ക്ക് ജനശതാബ്ദി എക്സ്പ്രസ്സിന് കണക്ഷനായി 01.8.2023-നും എക്സിക്യൂട്ടീവ് എക്സ്പ്രസിന് കണക്ഷനായി 30.7.2023നും മലയോരമേഖലയായ ആലക്കോട് - അരിവിളഞ്ഞപൊയിൽ ഭാഗത്തേയ്ക്ക് 07.8.2023-നും സർവ്വീസുകൾ പുനരാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ